**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല – പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് - 2005-06 മുതൽ 2009-10 വരെ കാലയളവിൽ അംഗനവാടി പോഷകാഹാര വിതരണ പദ്ധതിയ്ക്കായി പഞ്ചായത്ത് വിഹിതത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 2 ലക്ഷം രൂപയ്ക്ക് (രണ്ടു ലക്ഷം രൂപ മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്**

സ.ഉ (സാധാ) നം. 3554/2016/തസ്വഭവ. തിരുവനന്തപുരം, തീയതി: 29.12.2016

---

പരാമർശം: 1. പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.01.2016 ലെ 10(1) നമ്പർ തീരുമാനം

2. പഞ്ചായത്ത് ഡയറക്ടറുടെ 23.06.2016-ാം തീയതിയിലെ എം3-15610/2016 നം കത്തും അനുബന്ധവും

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് 2005-06 കാലയളവിൽ അംഗനവാടികളിൽ പോഷകാഹാരം വിതരണം നടത്തുന്നതിനായി പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ വിഹിതമായി നൽകേണ്ടതിനു പകരം 4 ലക്ഷം രൂപ പിൻവലിച്ചതിനാൽ അധികമായി ചെലവഴിച്ച 2 ലക്ഷം രൂപ അക്കൗണ്ടന്റ് ജനറലിന്റെ 2005-06 മുതൽ 2009-10 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക IV c (v) പ്രകാരം തടസ്സപ്പെടുത്തുകയും അധികമായി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനും പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവിട്ട ബ്ലോക്ക് വിഹിതം (ഒരു ലക്ഷം രൂപ) തിരികെ പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനു സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

അംഗനവാടി പോഷകാഹാര വിതരണത്തിനായി പ്ലാൻ ഫണ്ട് മതിയാകാതെ വന്നപ്പോൾ കേന്ദ്രഫണ്ടിൽ നിന്നുമുള്ള തുകയാണ് ചെലവഴിച്ചതെന്നും പഞ്ചായത്ത് ഫണ്ട് ദുരുപയോഗം ചെയ്യുകയോ നഷ്ടം ഉണ്ടാക്കുകയോ ചെയ്തിട്ടില്ലെന്നും ആയതിനാൽ ഓഡിറ്റിലെ ബന്ധപ്പെട്ട പരാമർശം ഒഴിവാക്കിത്തരുന്നതിന് സർക്കാരിനോട് അപേക്ഷിക്കാം എന്ന പരാമർശം (1) പ്രകാരമുള്ള ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സാധൂകരണത്തിനായി അപേക്ഷിച്ചിട്ടുള്ളതെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(PTO)

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി അംഗനവാടി പോഷകാഹാര വിതരണ പദ്ധതിയ്ക്കായി 2 ലക്ഷം രൂപ അധികമായി ചെലവഴിച്ച നടപടിക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും പദ്ധതി നടപ്പാക്കിയതു മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാലും ഫണ്ട് ദുരുപയോഗം ചെയ്തിട്ടില്ലാത്തതിനാലും ടി പദ്ധതികൾ ബ്ളോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും വിഹിതം സ്വീകരിക്കാതെ തന്നെ ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തം ഫണ്ടുപയോഗിച്ച് നടപ്പിലാക്കാം എന്ന് 12-ാം പഞ്ചവത്സര പദ്ധതി പ്രകാരം തീരുമാനിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ടി ശ്രീകുമാർ**
ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പെരുങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത്, പാലക്കാട് ജില്ല.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, സ്വരാജ്ഭവൻ, നന്തൻകോട്, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
(സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.